ഉത്തരം

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി പി. എന്നീ സ്കീമുകളിൽ ചെയ്യുന്ന റോഡുകൾക്ക് ഉയരത്തിനു പരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ തൊഴിൽദാന പദ്ധതി

316 [346] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിൽദാന പദ്ധതിയുടെയും ദേശീയ തൊഴിൽ ഭദ്രതാപരിപാടിയുടെയും ഭാഗമായി കേന്ദ്രം അനുവദിച്ച ഗോതമ്പ് 1985-86 വർഷത്തിൽ എത്രമാത്രം ചെലവഴിച്ചു;

(ബി) ഈ ഗോതമ്പ് എങ്ങനെ വിതരണംചെയ്യാനാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നത്;

(സി) ഗോതമ്പ് തൊഴിലാളികൾക്ക് നൽകാതെയിരുന്നിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ബ്ലോക്കുകളിൽ ബി.ഡി.ഒ.മാർ ഇടപെട്ട് ഈ ഗോതമ്പ് വിറ്റ് പണം കൺവീനർമാരുടെയോ ബി.ഡി.ഒ. മാരുടെയോ പേരിൽ അല്ലെങ്കിൽ കൂട്ടായോ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബ്ലോക്കുകളിൽ;

(ഇ) ഇത്തരം പ്രവർത്തികൾ ചെയ്ത ബി.ഡി.ഒ. മാരുടെ പേരിൽ എന്തു നടപടികളാണ് എടുത്തത്?

ഉത്തരം

(എ) ദേശീയ തൊഴിൽദാന പദ്ധതിപ്രകാരം 1985-86-ൽ മൊത്തം 22074.868 മെ. ടൺ ഗോതമ്പും ദേശീയ തൊഴിൽ ഭദ്രതാപരിപാടിയുടെ ഭാഗമായ് 1985-86-ൽ 19660.007 മെ. ടൺ ഗോതമ്പും ചെലവഴിച്ചിട്ടുണ്ട്.

(ബി) തൊഴിലാളികൾക്ക് കൊടുക്കുന്ന (എൻ. ആർ. ഇ പി., ആർ. എൽ. ഇ. ജി. പി) കൂലിയിൽ കുറഞ്ഞത് 40 ശതമാനമെങ്കിലും ഗോതമ്പായി കൊടുക്കണമെന്നു കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ചിരുന്നു.

(സി, ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

സന്നദ്ധ സംഘടനകളെ വികസനോൻമുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ നടപടി

317 [347] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സംഘടനകളെ വികസനോൻമുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ പുതുതായി എന്തു നടപടി സ്വീകരിക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly